LIBRARY ARCHIVES Kerala Legislative Assembly

## ഭൂമി കേരളം പദ്ധതിയുടെ പുരോഗതി

**163(866)** ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ആരംഭിച്ച ഭൂമി കേരളം പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുതപദ്ധതി എന്ന് മുതലാണ് ആരംഭിച്ചതെന്നും ഏതെല്ലാം വില്ലേജുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(സി) പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും സർവ്വേ നടപടികൾ സമയബന്ധിതമായി തീർക്കുന്നതിനും പദ്ധതി സഹായകരമായിട്ടുണ്ടോ ;

(ഡി) ഇതിനകം എത്ര വില്ലേജുകളിൽ പ്രസ്തുത പദ്ധതിപ്രകാരം റീസർവ്വേ നടപടികൾ പൂർത്തിയാക്കി എന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ ;

(ഇ) ബാക്കിയുള്ള വില്ലേജുകളിൽ സർവ്വേ നടപടികൾ എന്നേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഭൂമികേരളം പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സംസ്ഥാനത്തെ മുഴുവൻ റീ-സർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനു വേണ്ടിയാണ് 17-10-2008-ലെ G.O.(MS) 346/2008/RD-നമ്പർ ഉത്തരവ് പ്രകാരം 2008-ൽ ഭൂമികേരളം പദ്ധതി ആരംഭിച്ചത്.

(സി) ഉണ്ട്.

(ഡി) മലപ്പുറം ജില്ലയിലെ മേൽമുറി വില്ലേജിലെ ഫീൽഡ് ജോലി പൂർത്തിയാക്കി 9(2) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഇ) ബാക്കിയുള്ള വില്ലേജുകളിൽ സർവ്വേ നടപടികൾ ത്വരിതഗതിയിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## ഭൂമി കേരളം പദ്ധതി

**164(867)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടെ ഭൂമി കേരളം എന്ന പദ്ധതിക്ക് രൂപം നൽകിയത് എന്നായിരുന്നു ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.